# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 28

08-06-2015 ലെ മറുപടിക്ക്

## പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ :<br>ശ്രീ. തോമസ് ചാണ്ടി : | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴിയാകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴിയാക്കണമെന്ന് 13.5.2015 ലെ 48/2015/ധന നമ്പർ സർക്കുലർ പ്രകാരം നിർദേശിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (ബി) | നിയമനത്തിലും വേതനം നിശ്ചയിക്കുന്നതിലും ഇത്തരം സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നിബന്ധനകൾ ഉൾക്കൊള്ളിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കാമോ? | (ബി) | നിയമനത്തിലും വേതനം നിശ്ചയിക്കുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നിബന്ധനകൾ 13.5.2015 ലെ 48/2015/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും എല്ലാ നിയമനങ്ങളും ആവശ്യകതക്കനുസരിച്ച് സർക്കാ- |

രിന്റെ അംഗീകാരത്തോടുകൂടി അനുവദിച്ച തസ്തികകളിൽ മാത്രമേ നിയമനാധികാരി നിയമനം നടത്താവൂ.

2. സംവരണ തത്വങ്ങൾ ഉൾപ്പെടെ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സുതാര്യമായ നിയമന പ്രക്രിയ വഴി മാത്രമേ മുകളിൽ നിർദേശിച്ച പ്രകാരമുള്ള നിയമനങ്ങൾ നടത്താവൂ.

3. എല്ലാ സ്ഥിര നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണ്. കരാർ അടിസ്ഥാനത്തിൽ നിയമിതരായവർക്ക് യാതൊരു സാഹചര്യത്തിലും സ്ഥിര നിയമനത്തിനുള്ള അവകാശം ഉണ്ടായിരിക്കുകയില്ല. കരാർ നിയമനത്തിനുള്ള വ്യവസ്ഥകളിൽ ഇത് ഉൾപ്പെടുത്തേണ്ടതാണ്.

4. കരാർ നിയമനങ്ങളിൽ ജീവനക്കാരും തൊഴിൽ ദാതാവും തമ്മിൽ നിയമന വ്യവസ്ഥകൾ, നിയമനത്തിന്റെ കാലാവധി (ഒരു സമയത്ത് ഒരു വർഷത്തിൽ കൂടാൻ പാടുള്ളതല്ല) മുതലായവ വ്യക്തമാക്കുന്ന കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ സ്ഥിര നിയമനം/പി.എസ്.സി. വഴിയുള്ള നിയമനം നടത്തുമ്പോൾ കരാർ നിയമനം റദ്ദാവുകയും ചെയ്യും.

5. കരാർ നിയമന കാലത്തേയ്ക്കുള്ള

വേതനം ടി തസ്തികയ്ക്കുള്ള മിനിമം അടിസ്ഥാന ശമ്പളവും നിയമന സമയത്തെ നിലവിലുള്ള ക്ഷാമബത്തയും തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള അർഹമായ അലവൻസുകളും ചേർത്തുള്ള തുകയിൽ കൂടാൻ പാടുള്ളതല്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

# GOVERNMENT OF KERALA

## FINANCE (PUC) DEPARTMENT

## CIRCULAR

No. 48/2015/Fin Dated, Thiruvananthapuram, 13.05.2015.

Sub:- Rules for appointment and fixation of pay of the contract employees in Public Sector Undertakings and Autonomous bodies guidelines issued -reg.

The Public Accounts Committee (2011-2014) in its 39th Report urged to furnish a detailed report on the implementation of Pay Revision Order in autonomous and Semi-Governmental bodies with details of the rules of fixation of pay of the contract employees to avoid irregularities in future. Therefore it would be appropriate to issue guidelines regarding the appointment and pay fixation of contract employees in Public Sector Undertakings/ Autonomous bodies. The following instructions are issued for strict compliance by MD/CEO's of all Public Sector Undertakings and Autonomous bodies.

1. All appointments shall be made only as per the requirements of the organisation by the appointing authority provided there exists sanctioned post created with the approval of Government irrespective of the mode of appointment.
2. A transparent recruitment procedure in compliance of the required formalities including the reservation norms shall be followed while making the appointments as above.
3. All regular appointments shall be made through Public Service Commission. The person appointed on contract basis have no claim for regularisation under any circumstances; a suitable clause shall invariably be included as a contractual term.

4. For contractual appointments, there shall be a contract between the employer and the employee clearly specifying the terms & conditions, period of appointments (which shall not be beyond a period of one year at a time),etc. However, the appointment will cease on joining duty of a regular or PSC hand.
5. The contractual amount (consolidated emoluments) shall not exceed the sum of the minimum of basic pay of the post, DA admissible at the time of appointment and other admissible allowances attached to the post, if any.

**Dr. K. M. ABRAHAM**
Additional Chief Secretary (Finance)

To

The Principal Accountant General (A&E/G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Heads of Departments and Officers.
All Departments (Sections of Secretariat)
All Secretaries, Additional Secretaries, Joint Secretaries, Deputy Secretarites and Under Secretaries to Government.
The Additional Secretary to Chief Secretary.
The Director of Treasuries, Thiruvananthapuram.
The Director of Public Relations, thiruvananthapuram.
The Nodal Officer. www.finance.kerala.gov.in
The Stock File/Office Copy.

Forwarded by Order

Section Officer

Section Officer